പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 203

# 2024-ലെ കേരള കർഷക അവകാശ ബിൽ

(ശ്രീ. സജീവ് ജോസഫ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 203

# 2024-ലെ കേരള കർഷക അവകാശ ബിൽ

(ശ്രീ. സജീവ് ജോസഫ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

528/2024.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 203

# 2024-ലെ കേരള കർഷക അവകാശ ബിൽ

(ശ്രീ. സജീവ് ജോസഫ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

കാർഷിക ഉത്പന്നങ്ങൾക്ക് ആദായകരമായ അടിസ്ഥാന വിലയും കൃഷി നാശത്തിന് ശരാശരി ഉത്പാദന ചെലവിനു തുല്യമായ നഷ്ടപരിഹാരവും സംസ്ഥാനത്തെ കർഷകരുടെ അവകാശമാക്കി മാറ്റുന്നതിനും കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി ഒരു കമ്മീഷൻ രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കാർഷിക ഉത്പന്നങ്ങൾക്ക് ആദായകരമായ അടിസ്ഥാന വിലയും കൃഷി നാശത്തിന് ശരാശരി ഉത്പാദന ചെലവിനു തുല്യമായ നഷ്ടപരിഹാരവും സംസ്ഥാനത്തെ കർഷകരുടെ അവകാശമാക്കി മാറ്റുന്നതിനും കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി ഒരു കമ്മീഷൻ രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുന്നതിനാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024-ലെ കേരള കർഷക അവകാശ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>നിർവചനങ്ങൾ</u>.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "കർഷകൻ" എന്നാൽ കൃഷി ഉപജീവനമാർഗ്ഗം ആയിരിക്കുന്നതും ഉടമസ്ഥനായോ കുത്തക പാട്ടക്കാരൻ ആയോ ഒറ്റി കൈവശക്കാരനായോ അനുമതി പത്രക്കാരനായോ ഒരു ഏക്കറിൽ കുറയാത്ത കൃഷിഭൂമി കൈവശം വെച്ചു കൃഷി ചെയ്യുന്നതുമായ ഒരാൾ എന്നർത്ഥമാകുന്നതും അതിൽ കർഷക തൊഴിലാളികളും പാട്ടക്കരാർ വ്യവസ്ഥയിൽ കൃഷി സ്ഥലം ഏറ്റെടുത്ത് കൃഷി ചെയ്യുന്ന സ്വയം സഹായ സംഘങ്ങളും ഉൾപ്പെടുന്നതും ആകുന്നു;

(ബി) "കമ്മീഷൻ" എന്നാൽ ആക്റ്റിന്റെ, 4-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട "കേരള സംസ്ഥാന കർഷക അവകാശ കമ്മീഷൻ" എന്നർത്ഥമാകുന്നു;

(സി) "ചെയർപേഴ്സൺ" എന്നാൽ കേരള സംസ്ഥാന കർഷക അവകാശ കമ്മീഷന്റെ ചെയർപേഴ്സൺ എന്നർത്ഥമാകുന്നു;

(ഡി) "കാർഷിക വിദഗ്ധൻ" എന്നാൽ അക്കാദമിക യോഗ്യതയുടെയോ തെളിയിക്കപ്പെട്ട തൊഴിൽ രേഖയുടെ അടിസ്ഥാനത്തിലോ കൃഷി, കാർഷിക അനുബന്ധ മേഖലയിൽ കുറഞ്ഞത് 15 വർഷത്തെ പ്രായോഗിക പരിചയവും മാനേജ്മെന്റ് അനുഭവവും ഉള്ള വ്യക്തി എന്നർത്ഥമാകുന്നു;

(ഇ) "ആദായകരമായ അടിസ്ഥാന വില" എന്നാൽ ആക്റ്റിന്റെ 3-ാം വകുപ്പ് (1)-ാം ഉപ വകുപ്പ് പ്രകാരം കമ്മീഷൻ നിർണയിച്ച ആദായകരമായ അടിസ്ഥാന വില എന്നർത്ഥമാകുന്നു;

(എഫ്) "ശരാശരി ഉൽപ്പാദന ചെലവ്" എന്നാൽ ആക്റ്റിന്റെ 5-ാം വകുപ്പ് (1)-ാം ഉപ വകുപ്പുപ്രകാരം കമ്മീഷൻ നിർണയിച്ച ശരാശരി ഉൽപ്പാദന ചെലവ് എന്നർത്ഥമാകുന്നു;

(ജി) "നഷ്ടപരിഹാരം" എന്നാൽ ആക്റ്റിന്റെ 3-ാം വകുപ്പ് (2)-ാം ഉപ വകുപ്പിൽ പരാമർശിക്കുന്ന പ്രകാരമുള്ള നഷ്ടപരിഹാരം എന്നർത്ഥമാകുന്നു;

(എച്ച്) "നിധി"എന്നാൽ ആക്റ്റിന്റെ 6-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട "സംസ്ഥാന കർഷക അവകാശ നിധി" എന്നർത്ഥമാകുന്നു;

(ഐ) "കാർഷിക തൊഴിൽ സേന" എന്നാൽ ആക്റ്റിന്റെ 12-ാം വകുപ്പിൽ പരാമർശിക്കുന്ന പ്രകാരമുള്ള കാർഷിക തൊഴിൽ സേന എന്നർത്ഥമാകുന്നു;

(ജെ) "പിഴ" എന്നാൽ ആക്റ്റിന്റെ 14-ാം വകുപ്പ് പ്രകാരം ചുമത്തപ്പെട്ട "പിഴ" എന്നർത്ഥമാകുന്നു;

(കെ) "നിർണയിക്കപ്പെട്ട"എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(എൽ) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

3. <u>ആദായകരമായ അടിസ്ഥാനവിലയ്ക്കും നഷ്ടപരിഹാരത്തിനുമുള്ള അവകാശം</u>.—(1) സംസ്ഥാനത്തെ എല്ലാ കർഷകർക്കും അവരുടെ കാർഷിക ഉത്പന്നങ്ങൾ വിപണനം ചെയ്യുമ്പോൾ "ഒരു ആദായകരമായ അടിസ്ഥാന വില" ലഭിക്കുവാൻ അവകാശം ഉണ്ടായിരിക്കുന്നതാണ്.

(2) പ്രകൃതിദുരന്തങ്ങൾമൂലമോ വന്യജീവി ആക്രമണത്തിലോ സമാനമാർഗ്ഗങ്ങളിലോ കൃഷിനാശം ഉണ്ടാകുന്ന പക്ഷം കർഷകർക്ക് വിളനഷ്ടത്തിന്റെ തോത് കണക്കാക്കി ശരാശരി ഉത്പാദനച്ചെലവിന് തുല്യമായ തുക പരമാവധി ഒരു മാസത്തിനുള്ളിൽ നഷ്ടപരിഹാരമായി ലഭിക്കുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതാണ്.

4. <u>കർഷക അവകാശ കമ്മീഷൻ</u> .—(1) സർക്കാർ ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന് ഒരു മാസത്തിനകം ഈ ആക്റ്റിൻകീഴിൽ അതിനു നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ഏൽപ്പിച്ചു കൊടുത്തിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനും വേണ്ടി ഗസറ്റ് വിജ്ഞാപനം വഴി കേരള സംസ്ഥാന കർഷക അവകാശ കമ്മീഷൻ എന്ന പേരിൽ ഒരു കമ്മീഷൻ രൂപീകരിക്കേണ്ടതാണ്.

(2) കമ്മീഷനിൽ,—

(i) റിട്ടയർ ചെയ്ത ഒരു സുപ്രീംകോടതി ജഡ്ജി - ചെയർമാൻ;

(ii) കൃഷി/കാർഷിക സാമ്പത്തിക ശാസ്ത്രത്തിലോ/കാർഷിക അനുബന്ധ മേഖലയിലോ കുറഞ്ഞത് പതിനഞ്ച് വർഷത്തെ ഗവേഷണ/ പ്രവർത്തന പരിചയമുള്ള ഒരു കാർഷിക വിദഗ്ധൻ വൈസ് -ചെയർമാൻ;

(iii) കാർഷികവൃത്തിയിൽ കുറഞ്ഞത് 15 വർഷത്തെ പരിചയമുള്ളതും കാർഷിക സമ്പദ്‌വ്യവസ്ഥയെക്കുറിച്ച് അറിവുള്ളവരുമായ 5 കർഷക പ്രതിനിധികൾ – അംഗങ്ങൾ;

കുറിപ്പ്: കർഷകപ്രതിനിധികളിൽ ഒരാൾ നെൽകർഷകനും ഒരാൾ റബ്ബർ കർഷകനും ഒരാൾ മലയോര കർഷകനും ഒരാൾ മത്സ്യ കർഷകനും ആയിരിക്കേണ്ടതാണ്.

(iv) സെക്രട്ടറി, കേരള സംസ്ഥാന കാർഷിക വികസന വകുപ്പ് - അംഗം;

(v) കേരള കാർഷിക സർവ്വകലാശാലയിലെ റിസർച്ച് വിഭാഗം ഡയറക്ടർ– അംഗം;

(vi) കർഷക തൊഴിലാളികളുടെ മൂന്ന് പ്രതിനിധികൾ – അംഗങ്ങൾ;

(vii) സംസ്ഥാന കാർഷിക വികസന വകുപ്പ് ഡയറക്ടർ - മെമ്പർ സെക്രട്ടറി.

5. <u>കർഷക അവകാശ കമ്മീഷന്റെ ചുമതലകൾ</u>.—(1) കാർഷികോല്പന്നങ്ങളുടെ ഉൽപാദനവുമായി ബന്ധപ്പെട്ട എല്ലാ ഘടകങ്ങളും ചെലവുകളും സമഗ്രമായി പരിഗണിച്ചുകൊണ്ട് ആറുമാസത്തിലൊരിക്കൽ ഓരോ കാർഷികോല്പന്നത്തിന്റെയും ശരാശരി ഉത്പാദനചെലവ് 'സംസ്ഥാന കർഷക അവകാശ കമ്മീഷൻ' നിർണ്ണയിക്കപ്പെടുന്ന മാനദണ്ഡങ്ങൾ പ്രകാരം നിശ്ചയിക്കേണ്ടതാണ്.

(2) ശരാശരി ഉൽപ്പാദന ചെലവിന്റെ ഇരട്ടിയിൽ കുറയാത്ത തുക ഓരോ കാർഷിക ഉൽപ്പന്നത്തിനും ഉള്ള ആദായകരമായ അടിസ്ഥാന വിലയായി നിശ്ചയിച്ചുകൊണ്ട് സംസ്ഥാന കർഷക അവകാശ കമ്മീഷൻ ആറുമാസത്തിലൊരിക്കൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരം സംസ്ഥാന സർക്കാരിന് ശിപാർശ നൽകേണ്ടതാണ്.

(3) സംസ്ഥാനത്തെ ഓരോ കർഷകനും ഈ ആക്റ്റിന്റെ 3-ാം വകുപ്പ് പ്രകാരം അർഹതപ്പെട്ട 'ആദായകരമായ അടിസ്ഥാന വില'യും 'നഷ്ടപരിഹാര'വും യഥാസമയം ലഭിക്കുന്നുവെന്ന് കമ്മീഷൻ ഉറപ്പാക്കേണ്ടതാണ്.

(4) സംസ്ഥാനത്തെ വിവിധ കാർഷിക മേഖലകളിൽ അതാത് മേഖലയിലെ കാർഷികോത്പാദനത്തിന്റെയും ഉൽപ്പന്നത്തിന്റെയും സ്വഭാവം അനുസരിച്ച് പര്യാപ്തമായ സംഭരണശാലകൾ/ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും ആദായകരമായ അടിസ്ഥാന വിലയിൽ ഇടനിലക്കാരെ ഒഴിവാക്കി കർഷകരിൽ നിന്ന് നേരിട്ട് സംഭരണം നടത്തുന്നു എന്നും സംസ്ഥാന കർഷക അവകാശ കമ്മീഷൻ ഉറപ്പാക്കേണ്ടതാണ്.

(5) കാർഷികോല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനും ആയി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ പ്രാദേശികതലത്തിൽ വിപണന കേന്ദ്രങ്ങൾ സജ്ജമാക്കുന്നതിനും വിപണന മേളകൾ സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നുവെന്ന് കമ്മീഷൻ ഉറപ്പാക്കേണ്ടതാണ്. ഓരോ കാർഷികോല്പന്നത്തിന്റെയും അതത് ദിവസത്തെ വിപണി വിലയും ആദായകരമായ അടിസ്ഥാന വിലയും വിപണന കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

(6) കാർഷികോല്പന്നങ്ങൾ സംസ്കരിക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ആക്കി മാറ്റുന്നതിനുമുള്ള സംരംഭങ്ങൾ കർഷക കൂട്ടായ്മകളുടെയും കാർഷിക സഹകരണ സംഘങ്ങളുടെയും നേതൃത്വത്തിൽ പ്രാദേശിക തലത്തിൽ സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ഈ കാര്യത്തിൽ ആവശ്യമായ സാങ്കേതിക - സാമ്പത്തിക പിന്തുണ ഉറപ്പാക്കേണ്ടതുമാണ്.

(7) ഈ ആക്റ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ക്കനുസൃതമായി കർഷക അവകാശങ്ങൾ ഉറപ്പാക്കുന്നതിന് കമ്പനികളുടെ സി.എസ്.ആർ. ഫണ്ട് വിനിയോഗിക്കാൻ സാധിക്കുന്ന രീതിയിൽ കമ്മീഷൻ കർമ്മപദ്ധതികൾ ആവിഷ്കരിക്കേണ്ടതും ആയത് സി.എസ്.ആർ. ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(8) സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനത്തിനും കാർഷിക രംഗത്തെ മാറ്റങ്ങൾക്കും അനുസൃതമായി ഒരു കാർഷിക കലണ്ടർ ശാസ്ത്രീയമായി തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നുണ്ടെന്നും അത് കാലാകാലങ്ങളിൽ പരിഷ്കരിക്കുന്നുണ്ടെന്നും കാർഷിക കലണ്ടർ പ്രകാരമുള്ള വിവരങ്ങൾ സംസ്ഥാനത്തെ മുഴുവൻ കർഷകർക്കും ലഭ്യമാക്കുന്നുണ്ടെന്നും കമ്മീഷൻ ഉറപ്പാക്കേണ്ടതാണ്.

(9) ശാസ്ത്രീയമായ കൃഷിരീതികളെക്കുറിച്ചും വിളപരിപാലന - കീടനിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ചും മൂല്യവർധന സംവിധാനങ്ങൾ, സംഭരണ - സംസ്കരണ മാർഗ്ഗങ്ങൾ, കാർഷിക സമ്പദ് വ്യവസ്ഥ തുടങ്ങിയവയെ കുറിച്ച് വ്യക്തമായ അവബോധം ലഭിക്കുന്ന രീതിയിൽ പ്രാദേശികതലത്തിൽ ഓരോ മേഖലയിലെയും കൃഷിക്ക് അനുയോജ്യമായ രീതിയിൽ കർഷകർക്ക് പരിശീലനം ലഭിക്കുന്നുവെന്ന് കമ്മീഷൻ ഉറപ്പാക്കേണ്ടതാണ്.

6. കർഷക അവകാശനിധി.—(1) ഈ ആക്റ്റ് നിലവിൽ വന്ന് എത്രയും വേഗം ആക്റ്റിൽ വിനിർദ്ദേശിക്കുന്ന കാര്യങ്ങൾക്കായി സർക്കാർ 'കർഷക അവകാശനിധി' എന്ന പേരിൽ ഒരു നിധി രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണ്.

(2) നിധിയിൽ താഴെപ്പറയുന്നവ വരവ് വയ്ക്കേണ്ടതാണ്, അതായത്,—

(i) കേന്ദ്രസർക്കാരോ സംസ്ഥാന സർക്കാരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ അല്ലെങ്കിൽ മറ്റേതെങ്കിലും സ്ഥാപനങ്ങളോ സംഘടനകളോ മുഖേന ലഭിക്കുന്ന ഗ്രാന്റ്, വായ്പ, മുൻകൂറുകൾ തുടങ്ങിയവ;

(ii) കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി ലഭ്യമാകുന്ന സി.എസ്.ആർ. ഫണ്ട് ;

(iii) 14-ാം വകുപ്പുപ്രകാരം ഈടാക്കുന്ന പിഴ;

(iv) ഏതെങ്കിലും അസോസിയേഷനോ സ്ഥാപനമോ മറ്റേതെങ്കിലും വ്യക്തിയോ നിധിയിലേക്ക് സ്വമേധയാ നൽകിയിട്ടുള്ള ഏതെങ്കിലും സംഭാവന;

(v) കമ്മീഷന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി കമ്മീഷൻ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകാത്ത മറ്റു മാർഗ്ഗങ്ങളിലൂടെ ആർജ്ജിക്കുന്ന ഏതെങ്കിലും തുക;

(vi) ഏതെങ്കിലും നിയമപ്രകാരമോ സർക്കാർ ഉത്തരവിലൂടെയോ ഈ ആക്റ്റിൽ വിവക്ഷിക്കുന്ന കർഷക ക്ഷേമ പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്ന തുക;

(vii) 'നിധി' കർഷക അവകാശ കമ്മീഷനിൽ നിക്ഷിപ്തമായിരിക്കുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം കൈകാര്യം ചെയ്യേണ്ടതുമാണ്.

7. സംസ്ഥാന സർക്കാരിൽ നിന്നുള്ള ഗ്രാന്റുകൾ.—ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിനായി നിയമസഭയിൽ ഇതിലേക്കായി നിയമംമൂലം യഥാവിധി ധനവിനിയോഗം നടത്തിയതിനുശേഷം സർക്കാർ യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള തുക സംസ്ഥാന സഞ്ചിതനിധിയിൽനിന്നും ഗ്രാന്റ് ആയി കമ്മീഷന് നൽകേണ്ടതാണ്.

8. <u>കമ്മീഷനിലെ ജീവനക്കാർ.</u>—(1) കമ്മീഷന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമായ അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും മറ്റു ജീവനക്കാരെയും സർക്കാർ കമ്മീഷന് ലഭ്യമാക്കേണ്ടതാണ്

(2) ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും സേവനം സംബന്ധിച്ച മറ്റു നിബന്ധനകളും വ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്

9. <u>ആദായകരമായ അടിസ്ഥാന വില ഉറപ്പാക്കുന്നതിനുള്ള നടപടികൾ.</u>—(1) കാർഷികോല്പന്നങ്ങളുടെ സംഭരണവും വിപണനവും ആദായകരമായ അടിസ്ഥാന വിലയിലോ ആയതിനു മുകളിലോ മാത്രമാണ് സംസ്ഥാനത്തുടനീളം നടക്കുന്നതെന്ന് 5-ാം വകുപ്പ് പ്രകാരം രൂപീകരിക്കുന്ന കർഷക അവകാശ കമ്മീഷൻ നിർണ്ണയിക്കപ്പെടുന്ന പ്രകാരം ഉറപ്പാക്കേണ്ടതാണ്.

(2) ആദായകരമായ അടിസ്ഥാനവില ഉറപ്പാക്കുന്നതിനായി കേന്ദ്രസർക്കാർ കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന തറവിലയെ അധികരിക്കുന്ന തുക സംസ്ഥാന സർക്കാർ അധിക വിഹിതമായി നൽകേണ്ടതാണ്.

(3) ആദായകരമായ അടിസ്ഥാന വിലയ്ക്ക് അർഹതയുള്ള കാർഷികോല്പന്നത്തിന്റെ കുറഞ്ഞ ഗുണനിലവാരം കമ്മീഷൻ നിർണയിക്കപ്പെടുന്ന പ്രകാരം കാലാകാലങ്ങളിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഗുണനിലവാരത്തിലെ വ്യതിയാനങ്ങൾക്ക് അനുസൃതമായി അടിസ്ഥാന വിലയിലെ നിരക്ക് വ്യത്യാസവും കമ്മീഷൻ പ്രസിദ്ധീകരിക്കേണ്ടതാണ്.

എന്നാൽ, യാതൊരു സാഹചര്യത്തിലും ആദായകരമായ അടിസ്ഥാന വില ശരാശരി ഉത്പാദനച്ചെലവിന്റെ 150 ശതമാനത്തിൽ കുറയരുത്.

10. <u>ആദായകരമായ അടിസ്ഥാന വില സംബന്ധിച്ച വിജ്ഞാപനം.</u>—കമ്മീഷൻ ശിപാർശ ചെയ്ത നിരക്ക് അംഗീകരിച്ചുകൊണ്ട് സംസ്ഥാന സർക്കാർ 14 ദിവസങ്ങൾക്കുള്ളിൽ ഓരോ കാർഷികോല്പന്നത്തിന്റെയും 'ആദായകരമായ അടിസ്ഥാന വില' സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണ്.

എന്നാൽ, ഏതെങ്കിലും കാർഷികോല്പന്നത്തിന് ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ ആദായകരമായ അടിസ്ഥാന വിലയിൽ കൂടുതലായി ഒരു ബോണസ് അനുവദിക്കണമെന്ന് സർക്കാരിന് ബോധ്യമുള്ളപക്ഷം അപ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്.

11. <u>നഷ്ടപരിഹാരം ഉറപ്പാക്കുന്നതിനുള്ള നടപടികൾ.</u>—പ്രകൃതിക്ഷോഭം മൂലമോ വന്യമൃഗ ആക്രമണത്തിലോ നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും മാർഗ്ഗങ്ങളിലോ കൃഷി / വിളനാശം സംഭവിക്കുന്ന ഏതെങ്കിലും കർഷകന് ശരാശരി ഉൽപ്പാദന ചെലവിൽ കുറഞ്ഞ തുകയാണ് നഷ്ടപരിഹാരമായി ലഭിക്കുന്നത് എങ്കിൽ അക്കാര്യം ചൂണ്ടിക്കാട്ടി കമ്മീഷന് രേഖാമൂലം പരാതി നൽകാവുന്നതും അപ്രകാരമുള്ള പരാതിയിൽ കമ്മീഷൻ 14 ദിവസത്തിനകം തീർപ്പ് കൽപ്പിക്കേണ്ടതും കമ്മീഷൻ നിശ്ചയിച്ച നഷ്ടപരിഹാരത്തുക 14 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ സർക്കാർ / ബന്ധപ്പെട്ട ഏജൻസികൾ കർഷകന്റെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കേണ്ടതുമാണ്.

12. <u>കാർഷിക തൊഴിൽ സേന.</u>—(1) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ പ്രാദേശികതലത്തിൽ രൂപീകരിക്കുന്ന ലേബർ കോൺട്രാക്ട് സൊസൈറ്റികൾ മുഖേന കാർഷികവൃത്തിയിൽ താൽപ്പര്യവും മുൻപരിചയവും ഉള്ളവരും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അംഗങ്ങളുമായ തൊഴിലാളികളെ ഉൾപ്പെടുത്തി കാർഷിക തൊഴിൽ സേനയും അതാത് പ്രദേശത്തെ കൃഷിക്കാവശ്യമായ യന്ത്ര സാമഗ്രികളും സജ്ജമാക്കേണ്ടതാണ്.

(2) കർഷകർക്ക് കൃഷിസ്ഥലമൊരുക്കൽ, വിളവിറക്കൽ, വിളപരിപാലനം, വളമിടൽ, വിളവെടുപ്പ് തുടങ്ങിയ വിവിധ കാർഷിക വൃത്തികൾക്കായി കാർഷിക തൊഴിൽ സേനയുടെയും കാർഷിക യന്ത്രങ്ങളുടെയും സേവനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ ലഭ്യമാക്കേണ്ടതാണ്.

(3) ഓരോ അംഗീകൃത കർഷകനും കൃഷിഭൂമിയുടെ വിസ്തൃതിക്കും സ്വഭാവത്തിനും ആനുപാതികമായി വർഷത്തിൽ പരമാവധി 100 തൊഴിൽ ദിനങ്ങൾക്ക് തുല്യമായ സേവനം നിർണ്ണയിക്കപ്പെടുന്ന പ്രകാരം കാർഷിക തൊഴിൽ സേന മുഖേന ലഭ്യമാക്കുന്നുവെന്ന് കമ്മീഷൻ ഉറപ്പാക്കേണ്ടതാണ്.

13. <u>കാർഷിക വികസന വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെയും സേവനങ്ങളുടെയും ഏകോപനം.</u>—(1) തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തൊക്കെ അടങ്ങിയിരുന്നാലും ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നത് മുതൽ, കൃഷിഭവനുകൾ ഉൾപ്പെടെ കാർഷിക വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിവിധ സ്ഥാപനങ്ങൾ, ഏജൻസികൾ, ക്ഷേമനിധി ബോർഡുകൾ, കടാശ്വാസ കമ്മീഷൻ തുടങ്ങിയവയിലൂടെ നിലവിൽ കർഷകർക്ക് നൽകുന്ന സേവനങ്ങൾ ഈ ആക്റ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് അനുസൃതമായി ഫലപ്രദമായി നൽകുന്നു എന്ന് ഉറപ്പാക്കുന്നതിന് കമ്മീഷന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(2) കമ്മീഷന്റെ സേവനങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ചുമതലകളും സേവനങ്ങളും ഏല്പിച്ചു നൽകുന്നതിനും കമ്മീഷന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

14. പിഴ ഈടാക്കാനുള്ള അധികാരം.—ഈ ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി ആദായകരമായ അടിസ്ഥാന വില, നഷ്ടപരിഹാരം എന്നിവ ലഭ്യമാക്കുന്നതിലോ ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന മറ്റേതെങ്കിലും സേവനങ്ങൾ, സൗകര്യങ്ങൾ കർഷകർക്ക് യഥാസമയം ലഭ്യമാക്കുന്നതിലോ ഏതെങ്കിലും സർക്കാർ ഏജൻസികളോ ഉദ്യോഗസ്ഥരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ ഉത്തരവാദപ്പെട്ട മറ്റേതെങ്കിലും നികായങ്ങളോ വീഴ്ച വരുത്തുന്നപക്ഷം കമ്മീഷന് അത്തരത്തിൽ വീഴ്ച വരുത്തിയവരിൽ നിന്നും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിലും പ്രകാരത്തിലും പിഴ ഈടാക്കാവുന്നതാണ്.

15. കമ്മീഷന്റെ ചെയർപേഴ്സൺ, അംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർ പബ്ലിക് സർവെന്റുമാർ ആയിരിക്കുമെന്ന്.—കമ്മീഷന്റെ ചെയർപേഴ്സണും അംഗങ്ങളും ഉദ്യോഗസ്ഥരും മറ്റു ജീവനക്കാരും 1860-ലെ ഇന്ത്യൻ ശിക്ഷാനിയമ സംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ ഭാരതീയ ന്യായ സംഹിത, 2023-ലെ (45-ാം കേന്ദ്ര ആക്റ്റ്,) 28-ാം വകുപ്പ് അർത്ഥ വ്യാപ്തിക്കുള്ളിൽ വരുന്ന പബ്ലിക് സർവെന്റുമാരായി കരുതപ്പെടുന്നതാണ്.

16. കമ്മീഷന് സിവിൽ കോടതിയുടെ അധികാരങ്ങൾ.—കമ്മീഷന് ആക്ടിലെ വ്യവസ്ഥകൾ പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) ഏതെങ്കിലും സാക്ഷിയെ വിളിച്ച് വരുത്തുന്നതിനും ഹാജരാക്കൽ ഉറപ്പുവരുത്തുന്നതിനും സത്യപ്രസ്താവനയിന്മേൽ വിസ്തരിക്കുന്നതിനും;

(ii) ഏതെങ്കിലും രേഖ കണ്ടെത്തുവാനും ഹാജരാക്കുവാനും ആവശ്യപ്പെടുന്നതിനും;

(iii) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിനും;

(iv) ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ഏതെങ്കിലും പൊതു രേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുന്നതിനും;

(v) സാക്ഷികളെ വിസ്തരിക്കുന്നതിനും രേഖകൾ പരിശോധിക്കുന്നതിനും വേണ്ടി കമ്മീഷനുകളെ നിയോഗിക്കുന്നതിനും;

(vi) നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും സംഗതിക്കും.

17. <u>കണക്കുകളും ആഡിറ്റും</u>.—(1) കമ്മീഷൻ ശരിയായ കണക്കുകളും മറ്റു പ്രസക്ത റിക്കാർഡുകളും രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിൽ കണക്കുകളുടെ വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുമാണ്.

(2) അക്കൗണ്ടന്റ് ജനറൽ കമ്മീഷന്റെ കണക്കുകൾ ഓഡിറ്റ് ചെയ്യേണ്ടതും പ്രസ്തുത ആഡിറ്റിനായി ചെലവഴിക്കേണ്ടി വരുന്ന തുക കമ്മീഷൻ അക്കൗണ്ടന്റ് ജനറലിന് നൽകേണ്ടതുമാണ്.

(3) ഈ ആക്റ്റ് പ്രകാരം അക്കൗണ്ടന്റ് ജനറലും അദ്ദേഹം നിയമിക്കുന്ന ഏതെങ്കിലും ആളും കമ്മീഷന്റെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് അക്കൗണ്ടന്റ് ജനറലിന് സർക്കാർ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനുള്ള അതേ അവകാശങ്ങളും പ്രത്യേക അവകാശങ്ങളും അപ്രകാരമുള്ള ആഡിറ്റുമായി ബന്ധപ്പെട്ടും ഉണ്ടായിരിക്കുന്നതും, പ്രത്യേകിച്ച് ബുക്കുകളും കണക്കുകളും ബന്ധപ്പെട്ട വൗച്ചറുകളും മറ്റു പ്രമാണങ്ങളും കടലാസുകളും ഹാജരാക്കാൻ ആവശ്യപ്പെടാനും കമ്മീഷന്റെ ഏതൊരു ആഫീസും പരിശോധിക്കാനും അവകാശം ഉണ്ടായിരിക്കുന്നതാണ്.

(4) അക്കൗണ്ടന്റ് ജനറൽ അല്ലെങ്കിൽ ഈ ആവശ്യത്തിന് വേണ്ടി അദ്ദേഹം നിയമിക്കുന്ന ഏതെങ്കിലും ആൾ സാക്ഷ്യപ്പെടുത്തിയ പ്രകാരമുള്ള കമ്മീഷന്റെ കണക്കുകൾ അതിന്മേലുള്ള ആഡിറ്റ് റിപ്പോർട്ട് സഹിതം സംസ്ഥാന സർക്കാരിന് വർഷംതോറും അയച്ചു കൊടുക്കേണ്ടതും സംസ്ഥാന സർക്കാർ ഓഡിറ്റ് റിപ്പോർട്ട് അത് ലഭിച്ച തൊട്ടടുത്തു വരുന്ന സമ്മേളനത്തിൽ നിയമസഭ മുമ്പാകെ വയ്ക്കേണ്ടതുമാണ്.

18. <u>കമ്മീഷന്റെ വാർഷിക റിപ്പോർട്ട്</u>.—(1) കമ്മീഷൻ ഓരോ സാമ്പത്തിക വർഷവും അവസാനിച്ച ശേഷം കഴിയുന്നത്ര വേഗം അങ്ങനെയുള്ള മാതൃകയിലും അങ്ങനെയുള്ള സമയത്തിലും ഓരോ സാമ്പത്തിക വർഷത്തിനും വേണ്ടി നിർണ്ണയിക്കപ്പെട്ട പ്രകാരം അതിന്റെ പ്രവർത്തനങ്ങളുടെയും പരിപാടികളുടെയും പൂർണ്ണവിവരം ഉൾപ്പെട്ട വാർഷിക റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

(2) (1)- ാം ഉപവകുപ്പ് പ്രകാരം ലഭിച്ച റിപ്പോർട്ടിന്റെ പകർപ്പ് ആയത് സർക്കാരിന് ലഭിച്ചതിനു ശേഷമുള്ള ആദ്യ നിയമസഭാ സമ്മേളനത്തിൽ സഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്.

19. <u>ആക്റ്റിന്റെ അധിപ്രഭാവം</u>.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്കോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടത്തിനോ ഉത്തരവിനോ അവയ്ക്ക് വിരുദ്ധമായി ഈ ആക്റ്റ് അല്ലാതെയുള്ള ഏതെങ്കിലും നിയമത്തിലോ ഈ ആക്റ്റ് അല്ലാതെയുള്ള ഏതെങ്കിലും നിയമത്താൽ പ്രഭാവമുള്ള ഏതെങ്കിലും രേഖയിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രഭാവമുണ്ടായിരിക്കുന്നതാണ്.

20. <u>സിവിൽ കോടതിയുടെ അധികാരിതയ്ക്ക് വിലക്ക്</u>.—ഈ ആക്റ്റോ അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ വഴിയോ അതുപ്രകാരമോ കമ്മീഷനോ സർക്കാരോ തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ നിർവ്വഹിക്കേണ്ടതോ ആയ

ഏതെങ്കിലും പ്രശ്നം തീരുമാനിക്കുന്നതിനോ കൈകാര്യം ചെയ്യുന്നതിനോ അല്ലെങ്കിൽ ഏതെങ്കിലും കാര്യം നിർണ്ണയിക്കുന്നതിനോ യാതൊരു സിവിൽ കോടതിക്കും അധികാരം ഉണ്ടായിരിക്കുന്നതല്ല.

21. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് വേണ്ട ചട്ടങ്ങൾ രൂപീകരിക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയ ശേഷം കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ വരാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ ആ ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അഥവാ ചട്ടമുണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിനുശേഷം അതത് സംഗതി പോലെ അങ്ങനെ ഭേദഗതി വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാണ്. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സമൂഹത്തിന്റെ നിലനിൽപ്പിന് അഭിവാജ്യ ഘടകമായ ഭക്ഷ്യോൽപ്പാദനം എന്ന അതിപ്രധാനമായ കർത്തവ്യം നിറവേറ്റുന്ന കർഷക സമൂഹത്തെ ശാക്തീകരിച്ചുകൊണ്ട് കാർഷികവൃത്തി അഭിമാനകരമായ ഒരു തൊഴിൽ മേഖലയായി ഉയർത്തിക്കൊണ്ടു വരുന്നതിനും സമൂഹത്തിൽ കർഷകരുടെ അന്തസ്സുയർത്തുന്നതിനും പര്യാപ്തമായ നടപടികൾ സ്വീകരിക്കുവാൻ പാർലമെന്ററി ജനാധിപത്യ സംവിധാനത്തിൽ നാളിതുവരെ സാധിച്ചിട്ടില്ല എന്നത് ഖേദകരമായ ഒരു യാഥാർത്ഥ്യമാണ്. സംസ്ഥാനത്ത് 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റ്, 2019-ലെ കേരള കർഷക ക്ഷേമനിധി ആക്റ്റ് തുടങ്ങിയ ഏതാനും നിയമനിർമ്മാണങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ആശാവഹമായ യാതൊരു പുരോഗതിയും ഈ കാര്യത്തിൽ കൈവരിക്കുവാൻ സാധിച്ചിട്ടില്ല.

കാർഷികോല്പന്നങ്ങളുടെ വില തകർച്ചയും പ്രകൃതിക്ഷോഭം, വന്യജീവി ആക്രമണം, കീടബാധ തുടങ്ങിയവയിലൂടെയുള്ള കൃഷി നാശവും ആണ് കർഷകരെ കടക്കെണിയിലേക്ക് നയിക്കുന്നത്. കാർഷികവൃത്തി ഉപജീവനമാർഗ്ഗമായി തെരഞ്ഞെടുത്തതിനാൽ ഉണ്ടായ കടബാധ്യതയുടെ പേരിൽ നമ്മുടെ കർഷക സഹോദരങ്ങൾ ആത്മഹത്യ ചെയ്യുന്ന സംഭവങ്ങൾ ആവർത്തിക്കപ്പെടുമ്പോൾ പാർലമെന്ററി ജനാധിപത്യ സംവിധാനം ആത്മ വിമർശനം നടത്തുകയും ക്രിയാത്മകമായി പ്രതികരിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

കർഷകരുടെ പ്രതിസന്ധി പൂർണ്ണമായും അവസാനിക്കണമെങ്കിൽ, കാർഷികോല്പന്നങ്ങൾക്ക് ആദായകരമായ ഒരു അടിസ്ഥാനവില ലഭിക്കുന്നതിനും കൃഷിനാശം ഉണ്ടായാൽ ശരാശരി ഉൽപ്പാദന ചെലവിന് തുല്യമായ തുക കുറഞ്ഞ നഷ്ടപരിഹാരമായി ലഭിക്കുന്നതിനുമുള്ള അവകാശം കർഷകർക്ക് നിയമംമൂലം ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. ആദായകരമായ അടിസ്ഥാന വിലയും മാന്യമായ നഷ്ടപരിഹാരവും കർഷകരുടെ അവകാശമാക്കി മാറ്റുന്ന ഒരു നിയമനിർമ്മാണത്തിലൂടെ കേരള നിയമസഭ ഇക്കാര്യത്തിൽ രാജ്യത്തിന് ഒരു മാതൃകയായി തീരണമെന്ന് പ്രത്യാശിക്കുന്നു.

ആയതിനാൽ, കാർഷിക ഉത്പന്നങ്ങൾക്ക് ആദായകരമായ അടിസ്ഥാന വിലയും കൃഷി നാശത്തിന് ശരാശരി ഉത്പാദന ചെലവിനു തുല്യമായ നഷ്ടപരിഹാരവും സംസ്ഥാനത്തെ കർഷകരുടെ അവകാശമാക്കി മാറ്റുന്നതിനും കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി ഒരു കമ്മീഷൻ രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനും സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബില്ലിലെ വ്യവസ്ഥകൾ പ്രകാരം ആദായകരമായ അടിസ്ഥാന വിലയും ശരാശരി ഉൽപ്പാദനച്ചെലവിന് തുല്യമായ നഷ്ടപരിഹാരത്തുകയും കർഷകരുടെ അവകാശമാക്കി മാറ്റുകയും പ്രസ്തുത അവകാശങ്ങൾ ഉറപ്പാക്കുന്നതിനായി കർഷക അവകാശ കമ്മീഷൻ സ്ഥാപിച്ച് പ്രവർത്തനമാരംഭിക്കുകയും ചെയ്യുമ്പോൾ മാത്രമേ സാമ്പത്തിക ബാധ്യത എത്രയാണെന്ന് കൃത്യമായി കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. എങ്കിലും പ്രാരംഭ ചെലവുകൾക്കായി സഞ്ചിതനിധിയിൽ നിന്നും ഒരു കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണ അധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഈ ബില്ലിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനത്തിലൂടെ ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ രൂപീകരിക്കാവുന്നതാണ്. ആയത് നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവും ഭരണപരമായ സ്വഭാവത്തോട് കൂടിയതുമാണ്. ആയതിനാൽ ഏൽപ്പിച്ചു കൊടുക്കപ്പെട്ട നിയമനിർമ്മാണ അധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

സജീവ് ജോസഫ്, എം. എൽ. എ.